**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2163** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഇറവങ്കം പ്രാഥമികാരോഗ്യ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര ഇറവങ്കം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കാമോ; | (എ) | തഴക്കര ഇറവങ്കം പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം ഫണ്ട് 15.50 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് ഫണ്ട് 10 ലക്ഷം രൂപയും തഴക്കര ഗ്രാമപഞ്ചായത്ത് ഫണ്ട് 12.5 ലക്ഷം രൂപയും ചേർത്ത് 38 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനവും കുടുംബാരോഗ്യകേന്ദ്രത്തിന്റെ ഒന്നാം ഘട്ട നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എം.എൽ.എ. ഫണ്ടിൽ അനുവദിച്ച പുതിയ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ? | (ബി) | പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഒ പി വിഭാഗം, ലാബ്, രോഗി കാത്തിരിപ്പ് ഏരിയ, പ്രീ ചെക്ക്അപ്പ്, പോസ്റ്റ് ചെക്ക് അപ്പ് ഏരിയ എന്നിവയ്ക്കായി 2019-20 ലെ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച 58 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ